തട്ടാൻ തോട്.

155. [13] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇളംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട തെക്കൻ ചിറ്റൂരിലുള്ള "തട്ടാൻ തോട്" അടച്ചുകെട്ടിയതിനെക്കുറിച്ചും എംക്രോച്ചുമെന്റിനെക്കുറിച്ചും ജനങ്ങളുടെ വല്ല ആക്ഷേപവും ഗവണ്മെന്റിൽ കിട്ടുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പുറംപോക്കുതോട്ടിലുള്ള കയ്യേറ്റത്തിനു നടപടി നടത്തുന്നുണ്ട്.

ശാസ്താംകോട്ട കുന്നിൻപുറത്തെ കുടിയിറക്ക്.

156. [15] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്താംകോട്ട ക്ഷേത്രത്തിനു കിഴക്കുവശമുള്ള കുന്നിൻപുറത്തെ പുറംപോക്കിൽ താമസിക്കുന്ന 36-ൽപരം കർഷകത്തൊഴിലാളി കുടുംബങ്ങളെ അവിടെ നിന്നും കുടിയിറക്കിവിട്ട് അവിടെ ഒരു വൈദികഗ്രുകുലം സ്ഥാപിക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) സക്കാർ പുറംപോക്കിൽനിന്നും കുടിയിറക്കിവിടരുതെന്ന നിവേദനത്തെ പുരസ്കരിച്ച് ഇറക്കിവിടാനുള്ള നടപടികൾ പി. എസ്സ്. പി. മന്ത്രിസഭ സ്റ്റേ ചെയ്തിരുന്നതല്ലേ ; സ്റ്റേയുടെ കാലാവധി തീരുമ്പോൾ അവരെ കുടിയിറക്കാൻ വേണ്ടി പോരുവഴി പഞ്ചായത്തുപ്രസിഡന്റും, പി. സി. സി. മെമ്പറും ഉൾപ്പെടെയുള്ള നാട്ടുപ്രമാണിമാർ ശ്രമിച്ചുവരുന്നവിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) ശാസ്താംകോട്ട ക്ഷേത്രത്തിനു കിഴക്കുവശത്തായൊതൊരു പ്രവേശനവുമില്ലാതെ തരിശായി കിടക്കുന്ന 41 ഏക്കർ, 55.5 സെൻറ് സ്ഥലം ഒരു വൈദികഗ്രുകുലം സ്ഥാപിക്കുന്നതിലേക്കായി ഗവണ്മെന്റുത്തരവ് 4. R3. 9220/52/RD പ്രകാരം 11-8-1953-ൽ ദേവസ്വം ഡിപ്പാർട്ടുമെന്റിനു വിട്ടുകൊടുത്തിട്ടുണ്ട്. എന്നാൽ വിട്ടുകൊടുത്തതിനുശേഷം 35 പുതിയ പ്രവേശനങ്ങളുള്ളതായികണ്ട് അവരുടെ പേരിൽ ചട്ടപ്രകാരമുള്ള നടപടികൾ നടത്തിവരികയാണ്.

(ബി) സ്ഥലത്തെ പുതിയ പ്രവേശനങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ, മുക്കടവിൽ തേവൻമുതൽപേരുടെ അപേക്ഷപ്രകാരം ഗവണ്മെന്റുത്തരവ് 4. R 3-11546/54/RD dated 22-11-54 മുഖേന നിറുത്തിവച്ചിരിക്കുകയാണ്. ആ ഉത്തരവിന്റെ കാലാവധി തീരുമ്പോൾ അവരെ കുടിയിറക്കാൻവേണ്ടിയുള്ള ശ്രമങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly